# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊറ്റനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P7/1164/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 13/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P7/1164/2023 തീയ്യതി: 13/12/2023

## പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2023 | 28-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2023 | 28-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആശാ എം.കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രകാശ് പി സാം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി റംലാ ബീവി എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 17-04-2022 |
| ശ്രീ. ഷമീമ് എ. | സെക്രട്ടറി | 18-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ സുരേഷ് കുമാർ വി ആർ | വെറ്ററിനറി സർജൻ | 01-04-2022 | 01-07-2022 |
| ഡോ. കണ്ണൻ എ. | വെറ്ററിനറി സർജൻ | 02-07-2022 | 25-09-2022 |
| ഡോ. ആതിര വി. പി. | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |
| ശ്രീമതി സുചിത്ര എസ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി അനിലാ റ്റി ശശി | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ഡോ. ജേക്കബ് ജോൺ | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | 01-04-2022 | 31-03-2023 |
| ശ്രീമതി റംലാ ബീവി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ജിജേഷ് വി സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2022 | 31-03-2023 |
| ശ്രീ സജിവ് എസ്സ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജെസ്സി തോമസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ എം ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ഡോ. അഗസ്റ്റിൻ ഫിഡാലിസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ. ഷാനു | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 16-06-2022 | 17-10-2022 |
| ഡോ. അപർണ്ണ രംഗനാഥ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 18-10-2022 | 31-03-2023 |
| ശ്രീമതി പ്രസന്ന പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-07-2022 |
| ശ്രീമതി താര ഓ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-07-2022 | 30-01-2023 |
| ശ്രീമതി റോസമ്മ സി സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-01-2023 | 13-03-2023 |
| ശ്രീമതി താര ഓ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ്ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 15 | തനത് വിഭവസമാഹരണം - അവലോകനം | 1-12 |
| 16 | ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 17 | കടമുറികളുടെ വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല | 1-14 |
| 18 | പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-15 |
| 19 | കാർഷിക മേഖലയെ അവഗണിച്ചു- പദ്ധതിആസൂത്രണത്തിൽ കൃത്യവിലോപം | 1-16 |
| 20 | വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിന് വേലി നിർമ്മിച്ചത് -സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് | 1-17 |
| 21 | ലഭ്യമായ ഗ്രാന്റുകൾ ചെലവഴിച്ചില്ല. നഷ്ടമായത് 80.75 ലക്ഷം രൂപ | 1-18 |
| 22 | കുടിവെള്ളപദ്ധതികൾ - വിനിയോഗത്തിന് ശേഷം ഭൂജലവകുപ്പ് തിരികെ നൽകിയ ബാക്കി തുക സർക്കാരിലേക്ക് ഒടുക്കിയില്ല | 1-19 |
| 23 | മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് അനർഹമായി നൽകിയ ക്ഷേമപെൻഷൻ തുക 2.23 ലക്ഷം രൂപ | 1-20 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-21 |
| 25 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് - ടെണ്ടർ നടപടികളിൽ അപാകങ്ങൾ | 1-22 |
| 26 | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം - പദ്ധതി ആസൂത്രണത്തിൽ അപാകം | 1-23 |
| 27 | മരുന്നു വാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-24 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൽ നടപടികളിൽ അപാകം | 1-25 |
| 29 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-26 |
| 30 | അങ്കണവാടികളിൽ പകുതിയും വാടകക്കെട്ടിടത്തിൽ - പദ്ധതികൾ ആവശ്യം | 1-27 |
| 31 | റോഡ്‌റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ - എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമല്ല | 1-28 |
| 32 | അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമല്ല | 1-29 |
| 33 | പാലിയേറ്റീവ് & ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-പ്രവർത്തനം നിർജ്ജീവം | 1-30 |
| 34 | ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് ഉപയോഗത്തിന് ബൈലോ തയ്യാറാക്കിയിട്ടില്ല | 1-31 |
| 35 | ഔദ്യോഗിക വാഹനത്തിന്റെ ഫ്യൂവൽ കൺസെപ്ഷൻ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല | 1-32 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05/07/23-ലെ II(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 06-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ

13/12/2023

### 1-1-1 ക്യാഷ്ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ്ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3209251 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1438293 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽപൊരുത്തപ്പെടുന്നില്ല.

## 1-1-2 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ആരംഭിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.03.2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 28.02.2023-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 1460735 | 8874277 | |
| വരവ് | 114225000 | 26605753 | 88499782 |
| ആകെ | 115685735 | 35480030 | |
| ചെലവ് | 114008300 | 28044046 | 86881912 |
| നീക്കിയിരിപ്പ് | 1677435 | 7435984 | |

ബജറ്റ് പ്രകാരം 11.56കോടി രൂപയുടെ പ്രതീക്ഷിത വരവും 11.40 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 8.84 കോടി രൂപയും ചെലവ് 8.68 കോടി രൂപയുമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ

സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം &എക്സ്പെന്റിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8874277 | |
| വരവ് | 26605753 | 88499782 |
| ആകെ | 35480030 | |
| ചെലവ് | 28044046 | 86881912 |
| നീക്കിയിരിപ്പ് | 7435984 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9396000 | 9396000 | 8825179 | 570821 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3861000 | 3861000 | 3825619 | 35381 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1676947 | 2451000+ 1184520 | 5312467 | 2862935+ 959132 | 1265012+ 225388( Lapsed Amount) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 104850 | 1634000+ 515131 | 2341552 | 2149131 | 192421 |
| | പലിശ | 87571 | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8706000 | 8706000 | 2259437 | 6446563 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 4570000 | 4570000 | 2941360 | 1628640 |
| ഹെൽത്ത് ഗ്രാന്റ്-Scheme KL -278 | 0 | 239235 | 239235 | 116271 | 122964 |
| ഹെൽത്ത് ഗ്രാന്റ് Scheme KL -281 | 0 | 111488 | 111488 | 12051 | 99437 |
| ശുചിത്വ മിഷൻ | 826086 | 154000 | 980086 | 698825 | 281261 |
| ഐ.സി.ഡി.എസ്. | 888202 | 784576 | 1613378 | 927114 | 686264 |
| ആർ ജി എസ്സ് എ | 0 | 2000000 | 2000000 | 2000000 | 0 |
| സി എഫ് സി ഗ്രാന്റ് (ആയുർവേദ) | | 500000 | 500000 | 0 | 500000 |
| ആയുഷ് ഫണ്ട് - ആയുർവേദ | 1325146 | 224000 | 1549146 | 352164 | 1196982 |
| കേരളോത്സവം | 17292 | 0 | 17292 | 0 | 17292 |
| എൻ ആർ ഇ ജി എസ്സ് | 1628 | 14651767 | 14653395 | 14650118 | 3277 |
| സാക്ഷരത | 228555 | 9190 | 237745 | 0 | 237745 |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.സി | 126500 | 0 | 126500 | 120000 | 6500 |

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ**

സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ചുവടെ ചേർക്കുന്ന തുകകൾ വരവിൽ ഉൾപ്പെടുത്തിയില്ല

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ലൈഫ് മിഷൻ വായ്പാമുതൽ തിരിച്ചടവ് (വികസന ഫണ്ട് -ജനറൽ) | 592730 |
| 2 | ലൈഫ് മിഷൻ വായ്പാമുതൽ തിരിച്ചടവ് (വികസന ഫണ്ട്-എസ്സ് സിപി ) | 593058 |
| 3 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം (വികസന ഫണ്ട് -ജനറൽ) | 832200 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 195 | 79223250 | 142 | 38311214 | 0 | 53 | 48 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 13 | 1937719 | 897269 | 46 |
| വെറ്ററിനറി സർജൻ | 18 | 15 | 3056000 | 2351000 | 77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 11 | 11 | 1917565 | 1606584 | 84 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 275000 | 274634 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 14 | 27266060 | 12044708 | 44 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 8 | 3658775 | 2585454 | 71 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 6 | 6 | 1095000 | 937691 | 86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2419150 | 1297308 | 54 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1815327 | 1170514 | 64 |
| സെക്രട്ടറി | 47 | 33 | 17295319 | 6862223 | 4 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.) | 52 | 28 | 18487335 | 8283829 | 45 |
| **ആകെ** | 195 | 142 | **79223250** | **38311214** | 48 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1628 | 851849 | 853477 | 850200 | 3277 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11304208 | 11304208 | 11304208 | 0 |
| സാധന ഘടകം | 0 | 2495710 | 2495710 | 2495710 | 0 |
| ആകെ | 1628 | 14651767 | 14653395 | 14650118 | 3277 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 755200 | 81 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1644600 | 158 |
| വിധവാപെൻഷൻ | 5269900 | 518 |
| വാർദ്ധക്യകാല പെൻഷൻ | 17870000 | 1799 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 263200 | 27 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023-ന് 3.30 മണിയ്ക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,706 (ആയിരത്തി എഴുനൂറ്റി ആറ് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നികുതി, നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യഥാസമയം നോട്ടീസ് നൽകി പണം പിരിച്ചെടുക്കുന്നതിന് തൃപ്തികരമായ നിലയിൽ മോണിട്ടറിംഗ് നടത്തിയിട്ടുണ്ട്. വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ആരംഭിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്‌വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന വളരെ കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുതായി നിർമ്മിച്ചതിനാൽ ഓഫീസിന് മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിലേക്ക് അനർഹമായി തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ അക്കൗണ്ടുകൾ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യുന്നതിന് കൂടുതൽ ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടാകേണ്ടതുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിക്കാത്ത പൊതുകുടിവെള്ളടാപ്പുകൾ കണ്ടെത്തിയതിനെത്തുടർന്ന് അവ ഒഴികെയുള്ള ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഒടുക്കുന്നത്. ഇപ്രകാരം തനത് ഫണ്ടിൽ നിന്നുള്ള ചെലവ് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നുണ്ട്. വിവിധ സേവനങ്ങളും സാധനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും വാങ്ങൽ നടപടിക്രമങ്ങൾ പൂർണ്ണമായും നിരീക്ഷിക്കുന്നില്ല. ടെണ്ടർ അംഗീകാരം, സാധനങ്ങളുടെ ഗുണനിലവാര പരിശോധന തുടങ്ങിയവ പ്രൊക്യുയർമെന്റ് കമ്മിറ്റി നിരീക്ഷിക്കുന്നില്ല. കാർഷിക മേഖലയുടെ വികസനത്തിന് ഉതകുംവിധം പര്യാപ്തമായ പദ്ധതികൾ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് ശ്രമം ഉണ്ടായില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ വിവരശേഖരണം ഇപ്പോഴും പൂർത്തിയായിട്ടില്ല. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഐ.എൽ.ജി.എം.എസ് മുഖേന പണം പിരിവ്, വിവിധ സേവനങ്ങൾ പ്രദാനം ചെയ്യൽ, തനത് ഫണ്ട് ചെലവുകൾ എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ച പ്രവർത്തനത്താൽ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായ നിലയിലാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2018-10.07.2018 | 2013-14–2017-18 | 06.09.2018 |
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021-01.09.2021 | 11/2019-03/2021 | 15.11.2021 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

**2022-23 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നു കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 84.5 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).**

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 | Tax Revenue | 38,01,871 | I-10 | Establishment Expenses | 1,06,20,051 |
| I-3 | Rental Income | 96,168 | | | |
| | Fees User Charges | 3,92,325 | I-11 | Administrative Expenses | 10,35,709 |
| I-4 | Sale Hire Charges | 65,848 | I-12 | Operations Maintenance | 12,70,502 |
| I-8 | Interest Earned | 81,352 | I-13 | Interest Finance Charges | 686 |
| I-9 | Other Income | 29,830 | | | |
| | **ആകെ** | **44,67,394** | | | **1,29,26,948** |

**മിച്ച ഫണ്ട് (44,67,394 - 1,29,26,948) = (-)84,59,554**

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി **72,06,000** രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ്ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 തനത് വിഭവസമാഹരണം - അവലോകനം

ഗ്രാമപ്രദേശം കൂടുതലുള്ള ഗ്രാമപഞ്ചായത്താണ് കൊറ്റനാട്. തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്താണിത്. പ്രധാന തനത് വരുമാനം വസ്തു നികുതിയാണ്. തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള മറ്റ് വരുമാന മാർഗങ്ങൾ. **44.6** ലക്ഷം രൂപയാണ് പൊതു ആവശ്യ ഗ്രാന്റ് കൂടാതെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 11.07.2023-ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ)നം.117/2022/എൽ.എസ്.ജി. ഡി., തീയതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2-ആയി എല്ലാ പ്രാദേശിക സർക്കാരും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കേണ്ടതും, ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതി വരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**ബജറ്റ് – വാർഷിക ധനകാര്യ പത്രിക– വരവിനങ്ങളുടെ താരതമ്യം**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 9,25,000 | 8,70,360 | 54,640 |
| വാടക | 1,00,000 | 96,168 | 3,832 |
| ലൈസൻസ് | 1,00,000 | 78,300 | 21,700 |
| പെർമിറ്റ് ഫീ | 2,00,000 | 1,83,700 | 16,300 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാകുന്നതാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്ന നിൽക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**വസ്തു നികുതി**

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | AFS | 27,41,119 | 26,19,081 |
| | സഞ്ചയ | 27,41,286 | 26,20,743 |
| വസ്തു നികുതി (അരിയർ) | AFS | 8,36,143* | 4,20,251 |
| | സഞ്ചയ | 6,86,953 | 4,67,106 |

(* 2022-23 വാർഷിക ധനകാര്യ പത്രിക B-15 പ്രകാരമുള്ളത്)

**വസ്തു നികുതി വരവിന്റെ കൃത്യത**

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ്, ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ, ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ 6-8 ദിവസത്തെ

കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവ് വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നി പ്രകാരമുള്ള ആകെ വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ്<br>(രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 30,39,332 |
| സഞ്ചയ DCB പ്രകാരം വരവ് | 30,41,053 |

**2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ(അച്ചടി) നം. 25/2023 /എൽ.എസ്.ജി.ഡി., തീയതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൊറ്റനാട് ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 16.05.2023-ലെ 5(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 10.08.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച് 12.09.2023 തീയതിയിലെ മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഇതിനായി പത്രവാർത്ത നൽകുകയും എപ്ലോയ്മെന്റ് ആർ.ഐ.സെന്റർ, പോളിടെക്നിക് എന്നിവിടങ്ങളിൽ അറിയിക്കുകയും ഗവ. പോളിടെക്നിക്കിൽ നേരിട്ട് ബന്ധപ്പെടുകയും ചെയ്തിരുന്നു. 16.06.2023-ലെ 2(1) -ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം യോഗ്യതയുള്ള മൂന്നുപേരെ നിയമിക്കുകയും ചെയ്തു. ഇങ്ങനെ തെരഞ്ഞടുക്കപ്പെടുന്നവർക്കുള്ള ട്രെയിനിംഗ്, ജിയോടാഗിംഗ് ഉൾപ്പെടെയുള്ളവ രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പ്, സഞ്ചയയിൽ യൂസർ ഐഡി എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ സജ്ജീകരിച്ചിട്ടില്ല.

4. ആക്ഷേപങ്ങൾ സ്വീകരിച്ചതിനുശേഷം മാറ്റങ്ങൾ വരുത്തിയ വസ്തു നികുതി നിരക്ക് 21.08.2023-ലെ 2(1)-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും അടിസ്ഥാന വസ്തു നികുതി നിരക്ക് പട്ടിക 1-ആയും പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളെ പട്ടിക 2-ആയും വിജ്ഞാപനം ചെയ്യേണ്ട റോഡുകളുടെ വിവരങ്ങൾ പട്ടിക 3 ആയും ഉൾപ്പെടുത്തിയിട്ടുണ്ട്. 21.08.2023-ൽ ഇതു സംബന്ധിച്ച അറിയിപ്പ് പഞ്ചായത്ത് വെബ്സൈറ്റിലും ഓഫീസ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ/ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 103 ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു

വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) എന്നിവ പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് തുടങ്ങിയ സേവനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജലവിതരണം(3%), തെരുവു വിളക്കുകൾ(3%) എന്നീ സേവനങ്ങൾക്കായി ( ആകെ 6% നിരക്കിൽ) സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

**നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

അനധികൃതമായി ഇളവുകൾ നൽകിയിട്ടില്ല.

**വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ**

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8.9.2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ സ.ഉ.(അച്ചടി)നം. 25/2023/LSGD പ്രകാരമുള്ള നിരക്കുകകൾ 01.09.2023-ൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 01.04.2023 പ്രാബല്യത്തിൽ ടി നിരക്കു പ്രകാരമുള്ള തുകയാണ് ഈടാക്കുന്നത്.

**അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

യു.എ രജിസ്റ്റർ പ്രകാരവും സഞ്ചയ പ്രകാരവും ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ 4 കെട്ടിടങ്ങളാണ് ഈയിനത്തിലുള്ളത് (131A UA/2023, 131B UA/2023, 131C UA/2023, 131D UA/2023,). ടി കെട്ടിടങ്ങൾ പൊളിച്ചു കളയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 550 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. 2 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയായുണ്ട്. ഇവയുടെ വസ്തു നികുതി പിരിച്ചെടുക്കുന്നതിലേയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
2. മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
3. ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ കൃത്യമായി വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 1 തീയതി 21.11.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

**ലൈസൻസ് ഫീ പിരിവ്**

237 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ 82 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

വാടക വരുമാനം

2 കെട്ടിടങ്ങളിലായി ആകെ 7 കടമുറികളാണ് വാടകയ്ക്ക് നൽകാനുള്ളത്. വനിതാവ്യവസായകേന്ദ്രത്തിലെ ഒരു കടമുറി ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

**മറ്റ് വരവുകൾ**

**എ) ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസിന്റെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിന് എം.എൽ.എ അനുവദിച്ച നൽകിയ ആംബുലൻസിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ ആംബുലൻസിന്റെ പരിപാലനം തൃപ്തികരമല്ലെന്ന് കണ്ടെത്തി. വിശദ വിവരം ഖണ്ഡിക 1-23 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബി) ഗ്രാമപഞ്ചായത്ത് ലൈബ്രറി**

സ്ഥിരം ലൈബ്രേറിയന്റെ തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്ത് ആണ് കൊറ്റനാട്. ലൈബ്രറിയിൽ നിന്നും 330 രൂപ തൻവർഷം വരവുണ്ട്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക വർഷത്തെ ചെലവ് 1,38,566 രൂപയാണ്. ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ പുസ്തകങ്ങളും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കാവുന്നതുമാണ്.

## 1-13 ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകങ്ങൾ

2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വ്യാപാരസ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത 237 സ്ഥാപനങ്ങളിൽ 82 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (അപകടകരവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനകം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിനെ തുടർന്ന് ലൈസൻസ് സംബന്ധിച്ച് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കടമുറികളുടെ വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

## 1-15 പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. & പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 1. | S0243/23 – ഞങ്ങളും കൃഷിയിലേയ്ക്ക്- ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗ വിളകൾ വിസ്തൃതി വ്യാപനം | 2,60,000 |
| 2. | S0081/23 - ഞങ്ങളും കൃഷിയിലേയ്ക്ക്- ഹൈബ്രിഡ് തെങ്ങിൻ തൈ കുള്ളൻ തൈ വിതരണം | 66,600 |

| | | |
|---|---|---|
| 3. | S0086/23 - ഞങ്ങളും കൃഷിയിലേയ്ക്ക്- വാഴകൃഷി വികസനം | 74,800 |
| 4. | S0079/23 -ഞങ്ങളും കൃഷിയിലേയ്ക്ക്- പച്ചക്കറികൃഷിയിൽ സുസ്ഥിര വികസനം | 1,01,900 |
| 5. | S0084/23 - ഞങ്ങളും കൃഷിയിലേയ്ക്ക്- മരച്ചീനി കൃഷിയിൽ സുസ്ഥിര വികസനം | 1,09,680 |
| | ആകെ ചെലവ് | **₹ 6,12,980** |

മേൽസൂചിപ്പിച്ച പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധരേഖകളും ക്യാഷ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് 27.11.2023 ൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 8 പ്രകാരം ഓഡിറ്റ് റിക്വിസിഷൻ നൽകി. എന്നാൽ ഓഡിറ്റ് അവസാനിച്ച തീയതി വരെയും രേഖകൾ ഹാജരാക്കിയില്ല. ടി രേഖകൾ ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കകം ഹാജരാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയ്ക്കെതിരെ നിയമപരമായ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 6,12,980 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 കാർഷിക മേഖലയെ അവഗണിച്ചു- പദ്ധതിആസൂത്രണത്തിൽ കൃത്യവിലോപം

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാർഷിക മേഖലയിൽ പിന്നോട്ടു നിൽക്കുന്നുവെന്നും ഉയർന്ന കൂലിച്ചെലവ്, വന്യമൃഗങ്ങളുടെ ശല്യം, പ്രതികൂല കാലാവസ്ഥ എന്നിവ ഈ മേഖലയെ അലട്ടുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തടസ്സങ്ങളെ പ്രതിരോധിച്ച് കർഷകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കത്തക്കവണ്ണം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. നടപ്പാക്കിയവ തന്നെ നാമമാത്രമായ ചെലവിൽ ഒതുങ്ങി.

2022-23 ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 15 പദ്ധതികൾ വിഭാവനം ചെയ്തിരുന്നു. ഇതിൽ നടപ്പിലാക്കിയത് 13 പദ്ധതികൾ മാത്രമാണ്. ഇതിൽത്തന്നെ 4 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 9 പദ്ധതികളിലായി 14,01,900 രൂപ വകയിരുത്തിയെങ്കിലും 6,83,528 രൂപ മാത്രമാണ് ചെലവഴിച്ചത്. ഓഡിറ്റ് വർഷം ആവിഷ്കരിച്ച പദ്ധതികൾക്ക് തന്നെ പര്യാപ്തമായ തുക വകയിരുത്തിയിരുന്നുമില്ല. ഉദാഹരണമായി, ഞങ്ങളും കൃഷിയിലേക്ക്- വാഴക്കൃഷി, ഞങ്ങളും കൃഷിയിലേക്ക് – പച്ചക്കറിക്കൃഷി എന്നീ പദ്ധതികൾക്ക് യഥാക്രമം 74800 രൂപയും 101900 രൂപയും മാത്രമാണ് വകയിരുത്തി അത്രയും തുക തന്നെ ചെലവഴിച്ചത്. കാർഷിക മേഖലയിൽ അപര്യാപ്തമായി തുക വകയിരുത്തിയതിനും പദ്ധതിച്ചെലവ് കുറഞ്ഞതിനും വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 13 തീയതി 27.11.2023) മറുപടി ലഭ്യമാക്കിയില്ല.

കാർഷിക പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ കൃത്യവിലോപം ഉണ്ടായതായി വിലയിരുത്തുന്നു. പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-17 വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിന് വേലി നിർമ്മിച്ചത് -സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്

ജില്ലയിൽ കാട്ടുപന്നികളുടെ ശല്യം രൂക്ഷമായതിനാലും ഇവ കൃഷി വ്യാപകമായി നശിപ്പിക്കുന്നതുമൂലം വലിയ നഷ്ടം കർഷകർക്ക് ഉണ്ടാകുന്നതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാപഞ്ചായത്ത് ഭരണസമിതിയുടേയും ആവശ്യപ്രകാരം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022-ലെ 4.37 നമ്പർ തീരുമാന പ്രകാരം കാട്ടുപന്നികളെ പ്രധിരോധിക്കുവാൻ കൃഷി ഇടങ്ങൾക്ക് ചുറ്റും ഇരുമ്പു പൈപ്പുകൾ സ്ഥാപിച്ച് അതിൽ ചെയിൻ ലിങ്ക്സ് ഘടിപ്പിച്ച് ബലവത്തായ വേലി നിർമ്മിക്കുന്നതിനായി കൃഷി വകുപ്പിന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എസ്റ്റിമേറ്റും യൂണിറ്റു നിരക്കും തയ്യാറാക്കിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റ് പ്രകാരം ഒരു മീറ്റർ വേലി നിർമ്മിക്കുന്നതിന് 1028 രൂപയാണ് ചെലവ്. യൂണിറ്റ് നിരക്കിന്റെ 50% സബ്സിഡി നൽകാമെന്ന് 30.03.2022-ലെ സ.ഉ. (സാധാ) നം. 775/2022/LSGD ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

2022-23 സാമ്പത്തിക വർഷത്തിലെ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 'വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുവാൻ വേലി (പ്രോജക്ട് നം. S0082/23) എന്ന പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. 50,000 രൂപയാണ് പ്രോജക്ട് ചെലവ് (ബിൽ റഫറൻസ് നം. 22050852018101403950 തീയതി 16.03.2023). പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രകാരമാണ് ചെലവ് വിവരങ്ങൾ.

| ചെലവ് രേഖകൾ | ഇനം | ബിൽ പ്രകാരമുള്ള ചെലവ് | ലിമിറ്റ് ചെയ്ത് കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയ ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| Voucher No. 1 | Prepartion Of Fencing Charge | 28970 | 14000 |
| Voucher No. 2 | ” | 2200 | 1000 |
| Voucher No. 3 | കമ്പിവേലി - പണിക്കൂലി | 4800 | 2000 |
| Voucher No. 4 | കോൺക്രീറ്റ് വർക്ക് -പണിക്കൂലി | 47650 | 9000 |
| Voucher No. 5 | കമ്പിവേലി - പണിക്കൂലി | 12000 | 6000 |
| | ആകെ | **95,620** | **32,000** |
| | Valuation Certificate പ്രകാരം അസ്സന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ ചെലവ് | 130000 | |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഉത്തരവ് പ്രകാരം വേലിയുടെ നീളത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കുന്നത്. വേലി നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് നിരക്കിന്റെ 50% ആണ് സബ്സിഡി. എന്നാൽ പ്രോജക്ട് പ്രകാരം എത്ര മീറ്റർ നീളത്തിലാണ് വേലി നിർമ്മിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. പ്രോജക്ട് ഫയലിനോടൊപ്പം സമർപ്പിച്ച ചെലവ് രേഖകൾ പ്രകാരം **95,620** രൂപയുടെ ചെലവ് രേഖകളാണ് സമർപ്പിച്ചിരിക്കുന്നത്. ഇതിന്റെ 50% ലിമിറ്റ് ചെയ്താൽ 50,000 രൂപ വരുന്നില്ല. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ 50,000 രൂപ നൽകിയത് എപ്രകാരം എന്നത് വ്യക്തമല്ല.
3. മേൽ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുവാൻ ഇത്തരം പ്രോജക്ട് തയ്യാറാക്കുമ്പോൾ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 40:30:30 എന്ന ക്രമത്തിൽ വിഹിതം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.
4. സംരക്ഷിക്കുവാൻ വേലി നിർമ്മിക്കുന്നതിന്റെ ഭാഗമായി അതിര് കോൺക്രീറ്റ് ചെയ്യുതിനും വേലി ഘടിപ്പിക്കുന്നതിനുള്ള കോൺക്രീറ്റ് ബീം നിർമ്മിക്കുന്നതിനുമുള്ള കർഷകൻ സമർപ്പിച്ച വൗച്ചറുകളുടെ അടിസ്ഥാനത്തിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യവേഷന്റെ (₹130000) അടിസ്ഥാനത്തിലുമാണ് തുക നൽകിയിരിക്കുന്നത്.

സബ്സിഡി നിശ്ചയിക്കുന്നത് വേലിയുടെ നീളത്തിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ അതിന്റെ അടിസ്ഥാനത്തിലല്ലാതെ ഇത്തരത്തിൽ തുക നൽകുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13 തീയതി 28.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതി നടത്തിപ്പ് അംഗീകരിക്കാവുന്നതല്ല. പ്രോജക്ട് പ്രകാരം നിർമ്മിച്ച വേലിയുടെ ആകെ നീളം കൃത്യമായ വിവരം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. ഇതനുസരിച്ച് ഗുണഭോക്താവിന് നൽകേണ്ട സബ്സിഡി തുക (മീറ്ററിന് 514 രൂപ ക്രമത്തിൽ) പുനർ നിർണ്ണയിക്കേണ്ടതും സബ്സിഡി അധികം നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. അതു വരെ ചെലവു തുകയായ 50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ലഭ്യമായ ഗ്രാന്റുകൾ ചെലവഴിച്ചില്ല. നഷ്ടമായത് 80.75 ലക്ഷം രൂപ

സംരക്ഷണ ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാത്ത പക്ഷം ലാപ്സാകുന്നതാണ്. ലഭ്യമായ റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റുകൾ യഥാസമയം വിനിയോഗിക്കാതിരുന്നതിനാൽ ഗ്രാമപ്പഞ്ചായത്തിന് 2022-23 ൽ നഷ്ടമായത് 8075203 രൂപ. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുത്തിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 25 | 13 | 8706000 | 2259437 | 6446563 | 26 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 41 | 31 | 4570000 | 2941360 | 1628640 | 64 |
| | 66 | 44 | 13276000 | 5200797 | 8075203 | 39 |

സംരക്ഷണ ഗ്രാന്റിനത്തിൽ ആകെ ലഭ്യമായ തുകയുടെ 39 ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആവിഷ്കരിക്കുന്ന

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ആസ്തി സംരക്ഷണ പദ്ധതി വ്യക്തമായ ആസൂത്രണത്തോടുകൂടി മാത്രം തയ്യാറാക്കുന്നതിനും ലഭ്യമാകുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-19 കുടിവെള്ളപദ്ധതികൾ – വിനിയോഗത്തിന് ശേഷം ഭൂജലവകുപ്പ് തിരികെ നൽകിയ ബാക്കി തുക സർക്കാരിലേക്ക് ഒടുക്കിയില്ല

വിവിധ കുടിവെള്ളപദ്ധതികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുക വിനിയോഗിച്ചതിന് ശേഷം ബാക്കി തുക ഭൂജലവകുപ്പ് പഞ്ചായത്തിന് തിരികെ നൽകിയെങ്കിലും ആയത് സർക്കാരിലേക്ക് ഒടുക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. കാവുംപടി ചരിവുകാലാ എസ്.സി കോളനി കുടിവെള്ളപദ്ധതി -S58/23

അടങ്കൽ - 1733920

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കുഴൽക്കിണർ കുഴിച്ചശേഷം മോട്ടോർ, വാട്ടർടാങ്ക് എന്നിവ സ്ഥാപിച്ച് 80 ഗുണഭോക്താക്കൾക്ക് കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിനായി 1733920 രൂപയുടെ എസ്റ്റിമേറ്റ് ഭൂജലവകുപ്പ്, പത്തനംതിട്ട 3.3.2023 ൽ നൽകി. പദ്ധതിപ്രകാരം ഭൂജലവകുപ്പിന് തുക ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ ബിൽ നമ്പർ, തീയതി | ഒടുക്കിയ തുക | ഫണ്ടിനം |
|---|---|---|
| XVFC/2022-23/P/9/ 9.3.23 | 600000 | ബ്ലോക്ക് വിഹിതം |
| ചെക്ക് നമ്പർ 852566/ 14.3.23 | 1100000 | ജില്ലാപ്പഞ്ചായത്ത് വിഹിതം |
| XVFC/2022-23/P/37/9.3.23 | 33920 | പഞ്ചായത്ത് പ്ലാൻ ഫണ്ട് |
| ആകെ | 1733920 | |

എന്നാൽ ജലലഭ്യത 1500 LPH മാത്രമായതിനാൽ 30 ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ 1165000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 10.7.23 ൽ ഭൂജലവകുപ്പ് തയ്യാറാക്കി നൽകി. ഇതിനോടകം ആദ്യത്തെ എസ്റ്റിമേറ്റ് അനുസരിച്ച് തുക ഒടുക്കിയതിനാൽ ആവശ്യമായതിനേക്കാൾ 568920 രൂപ അധികം ഒടുക്കിയിട്ടുണ്ട്. ടി തുക ഭൂജലവകുപ്പിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. തുക തിരികെ വാങ്ങി സർക്കാരിന്റെ സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

2. വട്ടകുന്ന് കുടിവെള്ളപദ്ധതി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതിക്കായി (S109/17-18) 444000 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിരുന്നു. ജലലഭ്യത കുറവായതിനാൽ ഹാൻഡ് പമ്പ് കൂടി സ്ഥാപിച്ചശേഷമുള്ള തുക 363304 രൂപ ഭൂജലവകുപ്പ് 28.6.2022 ൽ പഞ്ചായത്തിന് തിരികെ നൽകി. തിരികെ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കാതെ തനത് ഫണ്ടിൽത്തന്നെ സൂക്ഷിച്ച് വരുന്നു.

തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

3. S216/21 – വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം - സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചശേഷം ബാക്കി വന്ന 175771 രൂപ ഭൂജലവകുപ്പിൽ നിന്ന് 15.7.23 ൽ പഞ്ചായത്തിന് തിരികെ ലഭിച്ചു (BIMS UTR No RB 11972374197143 തീയതി 15.7.23).

പെരുമ്പെട്ടി ജി.എൽ.പി.എസ് മുറ്റത്ത് കുഴൽക്കിണറിന് മോട്ടോർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹിച്ച പദ്ധതിക്കായി 134000 രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ചെലവഴിച്ചതിന്റെ ബാക്കി 15039 രൂപ തിരികെ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

തിരികെ ലഭിച്ച 190810 രൂപ (175771 + 15039) സർക്കാരിലേക്ക് തിരികെ ഒടുക്കാതെ തനത് ഫണ്ടിൽത്തന്നെ സൂക്ഷിച്ച് വരുന്നു. തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് അനർഹമായി നൽകിയ ക്ഷേമപെൻഷൻ തുക 2.23 ലക്ഷം രൂപ

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, മരണപ്പെട്ട 14 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ

ക്രെഡിറ്റ് ചെയ്യതായി വ്യക്തമായി. ഈ ഇനത്തിൽ 223400 രൂപയുടെ നഷ്ടം സർക്കാർ ഖജനാവിന് ഉണ്ടായിട്ടുണ്ട് . ടിയാളുകളുടെ അക്കൗണ്ടുകളിലേക്കുള്ള ക്ഷേമപെൻഷൻ വിതരണം സസ്പെന്റ് ചെയ്തിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/23.11.2023) സെക്രട്ടറി മറുപടി നൽകി.

മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | PensionerID | PensionerName | Address | Ward | മരണപ്പെട്ട തീയതി | തുക അധികം കൈപ്പറ്റിയ കാലയളവ് | സസ്പെന്റ് ചെയ്ത തീയതി | അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ളത് |
|---|---|---|---|---|---|---|---|---|
| 1 | 103740201446 | Unnikrishnanachari | 11/165, Cheruvelil, Chalapally-689586 | 11 | 25.12.2020 | 1/2021-12/2022 | 08.05.2023 | 28100(10000 രൂപ തിരികെ ഈടാക്കി ) |
| 2 | 103740200188 | Mathew | 8/169, Karikuzhiyil, Perumpetty, Perumpatty-689592 | 3 | 22.09.2018 | 10/2018-7/2019 | 21/08/2023 | 24600 |
| 3 | 103740200315 | Podiyamma | 4/72, Pannikunnu Charivukalayil, Kottanad, Perumpetty, Kariamplavu-689615 | 4 | 27.09.2017 | 10/2017-9/2019 | 05/09/2023 | 33000 |
| 4 | 103740200320 | Sarojiniyamma | 4/173, Plathottathil, Perumpetty, Perumpatty-689592 | 4 | 01.04.2022 | 5/22-2/2023 | 17.05.2023 | 16000 |
| 5 | 103740200336 | Kunjunjamma Thomas | 4/229, Thekkecharuvil, Perumpetty, Kottanad-689615 | 4 | 18.02.2018 | 3/2018-7/2019 | 05.09.2023 | 19100 |
| 6 | 103740200386 | Thankappan O N | 5/283 , Paruthippara, Perumpetty, Perumpatty-689592 | 5 | 16.02.2023 | 3/2023-6/2023 | 08.11.2023 | 6400 |
| 7 | 103740200763 | Thankappapanicker | 6/162, Puthenpurackal, Kottanad, Kottanad-689615 | 6 | 15.04.2017 | 5/2017-07/2019 | 05.09.2023 | 30100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | 103740200934 | Seemanthiniyamma | 1/47, Sreemangalath, Perumpetty, Perumpatty-689592 | 1 | 10.09.2022 | 10/2022-12/2022 | 29.03.2023 | 4800 |
| 9 | 103740201001 | Kunjukunjuamma George | 2/38, Madathunkal, Perumpatty, Perumpatty-689592 | 2 | 24.05.2022 | 6/2022-12/2022 | 29.03.2023 | 11200 |
| 10 | 103740201029 | Varghese Abraham | 6/32, Veluthedath, Kalampala, Unnakkavu, Oonakkavu-689674 | 6 | 05.02.2019 | 3/2019-7/2019 | 05.09.2023 | 7500 |
| 11 | 103740201912 | Omanakuttan K R | 1/88, Kappayil Purayidam, Perrumpatty P.O 689592 | 1 | 17.09.2022 | 10/2022-11/2022 | 13.01.2023 | 3200 |
| 12 | 103740600393 | Santhamma Appukuttan | 3/142, Vettuvelil, Nadackal, Kottanad-689615 | 5 | 12.03.2023 | 4/23-6/2023 | 13.11.2023 | 4800 |
| 13 | 103740600463 | Sabitha P | 11/99 , Mampra, Vellayil-689613 | 11 | 22.07.2021 | 8/2021-4/2022 | 13.11.2023 | 14400 |
| 14 | 103740400089 | Devid K M | 4/139 , Kandathumvalel, Kottanad, Kottanad-689615 | 6 | 11.01.2018 | 2/2018-7/2019 | 05.09.2023 | 20200 |
| | | | | | | | | 223400 |

പരേതരുടെ ക്ഷേമപെൻഷൻ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

മുൻവർഷങ്ങളിലും 2022-23 ലുമായി വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, കെ.എസ്.ഇ.ബി എന്നിവ മുഖേന തുക ഡെപ്പോസിറ്റ് ചെയ്ത ഒട്ടേറെ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി, മല്ലപ്പള്ളി സെക്ഷൻ | 35400 |
| 2 | വാർഡ് 8, 9, 10, 12 എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മാണം S109/19 | ഭൂജല വകുപ്പ് | 209147 |
| 3 | മിനി കുടിവെള്ളപദ്ധതി S176/21-22 | ഭൂജല വകുപ്പ് | 244778 |
| 4 | വട്ടക്കുന്ന് കുടിവെള്ളപദ്ധതി പൂർത്തീകരണം S261/23 | ഭൂജല വകുപ്പ് | 540000 |
| 5 | വിവിധ അങ്കണവാടികളിലെ കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ S6/23 | ഭൂജല വകുപ്പ് | 134000 |
| 6 | ചുട്ടുമൺ പൂവക്കട കുടിവെള്ളപദ്ധതി S259/23 | ഭൂജല വകുപ്പ് | 252848 |
| 7 | കരിയംപ്ലാവ് അഴകത്താനി കുടിവെള്ളപദ്ധതി S259/23 | | |
| 8 | നാടമലക്കുന്ന് കുടിവെള്ളപദ്ധതി S259/23 | | |
| 9 | ചാമക്കാലാ കുടിവെള്ളപദ്ധതി S259/23 | | |
| 10 | കണിയാത്ത്പടി തടത്തിൽപ്പടി കുടിവെള്ളപദ്ധതി S4/23 | ഭൂജല വകുപ്പ് | 100000 |
| 11 | ഉന്നത്തോലി കുടിവെള്ളപദ്ധതി S59/23 | ഭൂജല വകുപ്പ് | 310000 |
| 12 | അത്യാൽ കുടിവെള്ളപദ്ധതി S199/23 | ഭൂജല വകുപ്പ് | 817000 |
| 13 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി റാന്നി സൗത്ത് സെക്ഷൻ | 302906 |
| 14 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി തിരുവല്ല സെക്ഷൻ | 119225 |
| 15 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 1,2,4,5,12,13 S77/19-20 | കെ.എസ്.ഇ.ബി റാന്നി സൗത്ത് | 324500 |
| 16 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S160/19-20 | കെ.എസ്.ഇ.ബി റാന്നി സൗത്ത് | 432988 |
| 17 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S196/19-20 | കെ.എസ്.ഇ.ബി റാന്നി സൗത്ത് | 248508 |
| 18 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 6,7,8,9,11 S190/20-21 | കെ.എസ്.ഇ.ബി റാന്നി സൗത്ത് | 656080 |
| 19 | ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ S194/22 | കെ.എസ്.ഇ.ബി റാന്നി സൗത്ത് | 47040 |
| 20 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി വായ്പൂർ ഡിവിഷൻ, തിരുവല്ല | 31402 |

| | | | |
|---|---|---|---|
| 21 | കുടിവെള്ളപദ്ധതി S120/23 | ഭൂജലവകുപ്പ്, പത്തനംതിട്ട | 189000 |
| 22 | മിനി കുടിവെള്ളപദ്ധതി വാർഡ് 12 S176/22 | ഭൂജലവകുപ്പ്, പത്തനംതിട്ട | 244778 |
| 23 | ജലജീവൻമിഷൻ- ഗാർഹിക കണക്ഷനുകൾ നൽകൽ | വാട്ടർ അതോറിറ്റി, പത്തനംതിട്ട | 719000 |

മേൽസൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഒരു മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകളുടെ മെയിന്റനൻസ് - ടെണ്ടർ നടപടികളിൽ അപാകങ്ങൾ

തെരുവുവിളക്കുകളുടെ റിപ്പയറിംഗിനായി നടപ്പാക്കിയ പദ്ധതിയുടെ ടെണ്ടർ നടപടി സുതാര്യമായിരുന്നില്ല. വാങ്ങലിനായ ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചില്ല.

കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനും പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ നടപ്പാക്കി. ഓപ്പൺ ടെണ്ടറിലൂടെ രണ്ട് പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികളും ഒരു കരാറുകാരനെയാണ് ഏൽപിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര്, ക്വോട്ട് ചെയ്ത നിരക്ക് (ബൾബും അനുബന്ധ സാധനങ്ങളും സപ്ലൈ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും) | സ്ഥാപിച്ച / റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം | കരാറുകാരന്റെ ബിൽ പ്രകാരം നൽകിയ തുക | | | ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|---|
| | | | സാധനങ്ങളുടെ വില | സ്ഥാപിച്ചതിന്റെ കൂലിച്ചെലവ് | ആകെ ബിൽ തുക | |
| തെരുവുവിളക്ക് അറ്റകുറ്റപ്പണി S193/23 (200000) | അനിൽകുമാർ.കെ.വി (450 രൂപ) | 444 | 444* 270 = 119880 | 444* 180 = 79920 | 199800 | 432103/22.2.23 |
| തെരുവുവിളക്ക് സ്ഥാപിക്കൽ S192/23 (200000) | | 444 | 444* 270 = 119880 | 444* 180 = 79920 | 199800 | 432104/ 22.2.23 |

പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ പറയുംപ്രകാരം അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. S193/23 നമ്പർ പദ്ധതി പ്രകാരം, നിലവിൽ ബൾബുകൾ മാത്രം കേടായതാണെങ്കിൽ പകരം 9 വാട്സിന്റെ പുതിയ ബൾബുകൾ വാങ്ങി സ്ഥാപിക്കുന്നതിനും, ഫിറ്റിംഗ്സ് (ഷെയ്ഡ്, വയർ, ഹോൾഡർ, വിളക്കുകാൽ) കേടായതാണെങ്കിൽ അറ്റകുറ്റപ്പണി നടത്തിയോ പുതിയത് സ്ഥാപിച്ചോ പ്രവർത്തനക്ഷമമാക്കുന്നതിനും ആണ് കരാറുകാരന് തുക നൽകുന്നത് എന്ന് 11.11.2022 ൽ നൽകിയ ഇ-ടെണ്ടർ പരസ്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 444 തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓരോന്നിനും 450 രൂപ ക്രമത്തിൽ പ്രതിഫലം അനുവദിച്ചു.

9 W LED ബൾബ്, ഷെയിഡ്, വയർ, ഹോൾഡർ എന്നിവ ഉൾപ്പെടെ നൽകി റിപ്പയർ ചെയ്യുന്നതിനാണ് ഒന്നിന് 450 രൂപ എന്ന് കരാറുകാരൻ ക്വോട്ട് ചെയ്ത തുക അംഗീകരിച്ചത്. വിളക്കുകളുടെ മെയിന്റനൻസിന് ഏതൊക്കെ സാധനസാമഗ്രികൾ കരാറുകാരൻ ഉപയോഗിച്ചു എന്നതിന്റെ വിശദാംശം വാങ്ങാതെയും ഓരോ സാധനത്തിനും ഉള്ള നിരക്ക് പ്രത്യേകം ക്വോട്ട് ചെയ്യുന്നതിന് ടെണ്ടർ പരസ്യത്തിൽ നിർദ്ദേശിക്കാതെയും എല്ലാ വിളക്കുകൾക്കും 450 രൂപ ക്രമത്തിൽ പ്രതിഫലം നൽകിയത് ക്രമപ്രകാരമല്ല.

2. രണ്ട് പദ്ധതികളിലും സപ്ലൈ ചെയ്ത LED ബൾബുകളും വയറും ഏത് ബ്രാന്റ് ആണെന്ന് പരിശോധിക്കുകയോ ഗുണനിലവാരം ഉറപ്പാക്കുകയോ ചെയ്തില്ല. കരാറുകാരൻ സാധനസാമഗ്രികൾ വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കിയില്ല.

പരാമർശിത വിഷയം സംബന്ധിച്ച് 24.11.23 ൽ 5ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി,

അപാകം ആവർത്തിക്കാതിരിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കുന്നതാണെന്ന് അറിയിച്ചു. പരിഹാരനടപടിക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-23 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം - പദ്ധതി ആസൂത്രണത്തിൽ അപാകം

ശരിയായ പരിശോധനയും മുന്നൊരുക്കങ്ങളും ഇല്ലാതെ പദ്ധതി ആവിഷ്കരിച്ചതിനാൽ വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാനായില്ല. ഇതിനായി നൽകിയ ഡെപ്പോസിറ്റ് തുക ഭൂജലവകുപ്പിൽ നിന്ന് തിരികെ വാങ്ങിയിട്ടില്ല.

വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മിയ്ക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് S3/23 നമ്പർ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയത്. വാർഡ് 4ലെ കര്യംപ്ലാവ് ജംഗ്ഷൻ, വാർഡ് 9 ലെ കിടാരക്കുഴി, വാർഡ് 11 ലെ പുല്ലാന്നിത്തടം - ചുക്കുകവല എന്നീ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിയ്ക്കുന്നതിന് ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 159371 രൂപ 23.8.2022 ൽ ടി സ്ഥാപനത്തിലേക്ക് നിക്ഷേപിച്ചു (വൗച്ചർ നമ്പർ XVFC/2022-23/P/1 തീയതി 13.9.22). എന്നാൽ പ്രസ്തുത സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം നേരത്തെ നടത്തിയിട്ടുള്ളതായി 20.10.23 ലെ GWD/1244/2020/PTA നമ്പർ കത്ത് പ്രകാരം ഭൂജലവകുപ്പ് അറിയിച്ചു. ഇതേത്തുടർന്ന്, ടി തുക വിനിയോഗിച്ച് വാർഡ് 9 ലെ കിടാരക്കുഴിയിലേയും വാർഡ് 8 ലെ വട്ടക്കുന്നിലേയും കുഴൽക്കിണറുകളുടെ ഹാന്റ് പമ്പ് മെയിന്റനൻസ് ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കണമെന്ന് അറിയിച്ച് 16.11.2023 ൽ 400339/DPDC01/GPO/2022/3812 നമ്പർ ആയി പഞ്ചായത്ത് ഭൂജലവകുപ്പിന് കത്ത് നൽകി.

ശരിയായ പരിശോധനകളോ ആസൂത്രണമോ ഇല്ലാതെ പദ്ധതി ആവിഷ്കരിച്ചതിനാലാണ് ഇപ്രകാരം വികസനഫണ്ട് ക്രമപ്രകാരമല്ലാതെ വിനിയോഗിക്കേണ്ടി വന്നത് എന്ന് വിലയിരുത്തുന്നു. അംഗീകാരം ലഭിച്ച പദ്ധതിയിലെ നിർദ്ദേശത്തിന് വിരുദ്ധമായി മറ്റൊരിനം പ്രവൃത്തിക്ക് പദ്ധതിതുക ചെലവഴിക്കുന്നത് 19.04.22-ലെ സ.ഉ(കൈ)84/22 /തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ച പദ്ധതിനിർവ്വഹണമാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. നൽകിയ വികസനഫണ്ട് തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അപാകങ്ങളിന്മേൽ അതുവരെ ചെലവ്തുക 159371 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മരുന്നു വാങ്ങൽ പ്രവർത്തികൾ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നു വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. & പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രഫോമ ഇൻവോയിസ് | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | ലഭ്യമാകുവാൻ അവശേഷിയ്ക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|
| 1 | S0008/23<br>പി.എച്ച്.സി-യ്ക്ക് മരുന്നു വാങ്ങൽ | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | PRF 1229<br>Dt. 01.09.2022 | ₹ 4,00,000 | ₹ 1,00,848 രൂപയുടെ മരുന്നുകൾ |
| 2 | S00007/23<br>പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - സാന്ത്വനം | | PRF 2125<br>Dt. 09.11.22 | ₹ 2,00,000 | ₹ 75,614 രൂപയുടെ മരുന്നുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | S00007/23<br>പെയിൻ &<br>പാലിയേറ്റീവ് കെയർ<br>പദ്ധതി - സാന്ത്വനം | | PRF 1228<br>Dt. 01.09.2022 | ₹ 61,579 | ₹ 36,573 രൂപയുടെ<br>മരുന്നുകൾ |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈകൊള്ളേണ്ടതും മരുന്ന ലഭ്യമാക്കിയ ശേഷം അവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൽ നടപടികളിൽ അപാകം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിന് പദ്ധതി അംഗീകാരം വാങ്ങിയിരുന്നു (പ്രോജക്ട് നം.130/21, അടങ്കൽ 169650). വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നില്ല. അക്രിഡറ്റഡ് ഏജൻസികളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ നിരക്ക് ആയ 4290 രൂപ ക്വോട്ട് ചെയ്ത സിഡ്കോ എമ്പോറിയം, കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി. 167310 രൂപ ചെലവഴിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 39 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു ( ബിൽ റഫറൻസ് നമ്പർ 1550211 തീയതി 29.3.2023). പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷത്തിന് മുകളിൽ ഉള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് 8.11.2020 ലെ ജി.ഓ(പി) 259/2010 നമ്പർ ആയുള്ള പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖയിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് പാലിച്ചില്ല. പത്രപ്പരസ്യം നൽകി ടെണ്ടർ ക്ഷണിക്കേണ്ടതിന് പകരം ക്വൊട്ടേഷൻ ക്ഷണിച്ചത് ക്രമപ്രകാരമല്ല.

2. വാങ്ങിയ കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ചില്ല.

3. ടെണ്ടർ നടപടികൾ പ്രൊക്യൂയർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

അപാകം സംബന്ധിച്ച് വിശദീകരിക്കേണ്ടതും ഭാവിയിൽ സുതാര്യത ഉറപ്പാക്കി വാങ്ങലിനായുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-26 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

മുൻ വർഷങ്ങളിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ടുള്ളതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (10/27.11.2023) വി ഇ ഒ ലഭ്യമാക്കിയ മറുപടിയും ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക, ആദ്യഗഡു കൈപ്പറ്റിയ തീയതി | സ്വീകരിച്ച നടപടി സംബന്ധിച്ച് വി ഇ ഒ ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | രഞ്ജിത്ത് കുമാർ<br>ഉപ്പോലിക്കൽ<br>കൊറ്റനാട് പി ഒ | 140000 (20.01.21) | അടിത്തറ വരെ മാത്രമേ പൂർത്തീകരിച്ചുള്ളൂ.<br>2 പ്രാവശ്യം നോട്ടീസ് നൽകി. |
| 2 | ഗോപി സി ജി<br>(എസ്സ് സി അഡീഷണൽ ലിസ്റ്റ് )<br>ചക്കാനിൽ വെള്ളയിൽ പി ഒ | 300000<br>(22.03.21) | പണി മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | വാർഡ് 8 | | |
| 3 | വിനീത് വി പി<br>( എസ്സ് സി അഡീഷണൽ ലിസ്റ്റ് )<br>വെട്ടുവേലിൽ പെരുമ്പട്ടി പി ഒ | 260000 (22.07.21) | സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്ന് ഗുണഭോക്താക്താവ് അറിയിച്ചു. |
| 4 | ഹരുൺ<br>( എസ്സ് സി അഡീഷണൽ ലിസ്റ്റ് )<br>ഹരണ്യ വിലാസം പെരുമ്പട്ടി പി ഒ | 40000 (22.07.21) | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. |

ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-27 അങ്കണവാടികളിൽ പകുതിയും വാടകക്കെട്ടിടത്തിൽ - പദ്ധതികൾ ആവശ്യം

അങ്കണവാടികളിൽ പകുതിയും വാടകക്കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിന് പര്യാപ്തമായ പദ്ധതികൾ ഇല്ല.

ആകെ 19 അങ്കണവാടികൾ ആണുള്ളത്. ഇതിൽ 6 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എട്ട് അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിലും ബേബി ഫ്രണ്ട് ലി ടോയ് ലറ്റും ഉള്ളത്. അങ്കണവാടികളുടെ മെയിന്റനൻസിന് പദ്ധതികൾഉണ്ടായിരുന്നുവെങ്കിലും സ്ഥലം വാങ്ങുന്നതിനും കെട്ടിടനിർമ്മാണത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

ഐ,സി.ഡി.എസ് കേന്ദ്രവിഹിതം ആയി ലഭിച്ച തുകയിൽ 686264 രൂപ 31.03.23 ൽ ചെലവഴിച്ചശേഷം ബാക്കിയുണ്ട്. ടി ഫണ്ട് കൂടി ഉൾപ്പെടുത്തി അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

## 1-28 റോഡ്റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ - എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമല്ല

ഓഡിറ്റ് വർഷം എതാനും റോഡുകൾ റീകോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ അവ മുൻപ് ഏത് വർഷം (എത്ര വർഷങ്ങൾക്ക് മുമ്പ്) ആണ് കോൺക്രീറ്റ് ചെയ്തത് എന്ന വിവരം ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിമൂല്യം | റീകോൺക്രീറ്റ് ചെയ്ത നീളം (മീറ്റർ) |
|---|---|---|---|
| 1 | കാക്കോനാൽ - പന്നയ്ക്കപ്പതാൽ റോഡ് റീകോൺക്രീറ്റിംഗ് S209/23 | 198983 | 132 M |
| 2 | അത്യാൽ ലത്തീൻപള്ളിപ്പടി റോഡ് S213/23 | 308446 | 213 M |
| 3 | ചക്കുങ്കൽപ്പടി താളിയാനിക്കൽ റോഡ് റീകോൺക്രീറ്റിംഗ് S53/23 | 142885 | 86 M |
| 4 | വെള്ളയിൽകോളനി പൊട്ടുരുവിക്കൽ ചാന്തോലിൽ റോഡ് റീകോൺക്രീറ്റിംഗ് S55/23 | 78069 | 51 M |

| | | | |
|---|---|---|---|
| 5 | വൃന്ദാവൻ കടിയാൻകുന്നിൽപ്പടി കാക്കമല റോഡ് റീകോൺക്രീറ്റിംഗ് S52/23 | 118951 | 84 M |

എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതിലെ അപാകം സംബന്ധിച്ച് 27.11.23 ൽ8ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, നടപ്പ് വർഷം മുതൽഅപാകം ഒഴിവാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതാണ് എന്ന് അറിയിച്ചു. പരിഹാരനടപടികൾ സ്വീകരിച്ചശേഷം അറിയിക്കേണ്ടതാണ്.

## 1-29 അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമല്ല

മൂന്ന് ഘട്ടങ്ങളിലായി നടത്തുവാൻ വിഭാവനം ചെയ്ത അഗതി രഹിത കേരളംപദ്ധതി രണ്ടാം ഘട്ടം പിന്നിട്ടിട്ടും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യത്തിലേയ്ക്ക് എത്തിയിട്ടില്ല.

പദ്ധതിയുടെ 2022-23 വർഷത്തെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 896669 |
| വരവ്- പ്ലാൻ ഫണ്ട് | 300000 |
| ബാങ്ക് പലിശ | 25437 |
| ആകെ വരവ് | 1222106 |
| ചെലവ് | |
| ഭവനനിർമ്മാണം | 400000 |
| ഭവനപുനരുദ്ധാരണം | 75000 |
| മറ്റിനം- (ടോണർ റീഫില്ലിംഗ്) | 2269 |
| ആകെ ചെലവ് | 477269 |
| നീക്കിയിരിപ്പ് | 744837 |

ചലഞ്ച് ഫണ്ട് ലഭ്യമല്ലാത്തതിനാൽ തൻവർഷം ഭക്ഷണവിതരണം നടത്തിയിട്ടില്ല. ആരോഗ്യം, വസ്ത്രം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവയ്ക്കായി പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ, പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന അഗതി കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 പാലിയേറ്റീവ് & ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-പ്രവർത്തനം നിർജ്ജീവം

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് രണ്ട് മാസം കൂടുമ്പോഴോ, ആവശ്യാനുസരണം ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷം ആകെ ഒരു പ്രാവശ്യം മാത്രമാണ് (07.12.2022 ൽ) പി.എം .സി. മീറ്റിംഗ് കൂടിയത്.

പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിലും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും ചേർക്കേണ്ടതാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ കിടപ്പുരോഗികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ വെബ്സൈറ്റിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ചേർക്കാത്തത് ക്രമപ്രകാരമല്ല.

ആയുർവ്വേദ/ഹോമിയോപ്പതി ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട സഹായങ്ങൾ നൽകുവാനായി അവരുടെ പ്രത്യേക പ്രശ്നങ്ങൾ ബന്ധപ്പെട്ട ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തി സേവനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ അലോപ്പതി ഡോക്ടറുടെ സേവനം കിടപ്പുരോഗികൾക്ക് ലഭ്യമാക്കുന്നില്ലയെന്ന് ഹോംകെയർ വിസിറ്റ് മിനിട്സ് പരിശോധിച്ചതിൽ വ്യക്തമായി. തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടത് അനിവാര്യമാണ്. പരിഹാരനടപടിയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട മരുന്ന് യഥാസമയം ലഭ്യമാക്കുന്നില്ല. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഈ വിഷയങ്ങളിൽ വേണ്ട ശ്രദ്ധചെലുത്തേണ്ടതാണ്.

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ്(എച്ച്.എം.സി.) കമ്മിറ്റിയുടെ ചെയർ പേഴ്സൺ പഞ്ചായത്ത് പ്രസിഡന്റും, വൈസ് ചെയർപേഴ്സൺ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. എച്ച്.എം.സി ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേക്ക് ഓരോ സാമ്പത്തിക വർഷവും ഓഡിറ്റിനായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ കൊറ്റനാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ 2018-19 വരെയുള്ള വാർഷിക എച്ച്.എം.സി. കണക്കുകൾ മാത്രമേ ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ളൂ. കണക്കുകൾ ഓഡിറ്റിന് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെയും എച്ച്.എം.സിയുടെയും പ്രവർത്തനം സജീവമാക്കുന്നതിന് ഭരണതലനടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-31 ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് ഉപയോഗത്തിന് ബൈലോ തയ്യാറാക്കിയിട്ടില്ല

കൊറ്റനാട്-പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് കെയറിന്റെ രോഗീസന്ദർശനം നടത്തുന്ന ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്ന KL-28 C3035 എന്ന ആമ്പുലൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ, കൊറ്റനാടിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറാണ്. ഈ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2022-23 കാലയളവിൽ ഇന്ധന ക്ഷമതാ പരിശോധന നടത്തിയതായി കാണുന്നില്ല. ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. അവസാനമായി ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിരിക്കുന്നത് 25.01.2017-ലാണ്.

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.41/2008/ധന./02-08-2008 പ്രകാരം ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതും ഇന്ധനത്തെയും അറ്റകുറ്റപ്പണിയെയും സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കുന്നില്ല. ഫ്യുവൽ രജിസ്റ്റർ, റിപ്പയർ & മെയിന്റനൻസ് രജിസ്റ്റർ എന്നിവയും കൃത്യമായും സൂക്ഷിക്കേണ്ടതാണ്.

MLA ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസ് ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് പരിചരണത്തിനായി വിട്ടുനൽകിയപ്പോൾ കൃത്യമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലല്ല നൽകിയിരിക്കുന്നത്. പാലിയേറ്റീവിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾ അനുസരിച്ച് ബൈലോ തയ്യാറാക്കി കിലോമീറ്ററിന് ഒരു നിശ്ചിത തുക ഈടാക്കി മാത്രമേ ഉപയോഗിക്കാവൂ. അപാകങ്ങൾ പരിഹാരത്തിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ഔദ്യോഗിക വാഹനത്തിന്റെ ഫ്യൂവൽ കൺസെപ്ഷൻ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെ.എൽ.28- ബി-8322 നമ്പർ മഹീന്ദ്ര സൈലോ വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഹനത്തിന്റെ ഫ്യുവൽകൺസംപ്ഷൻ ടെസ്റ്റ് അവസാനമായി നടത്തിയത് 01.02.2019-ലും സർട്ടിഫിക്കറ്റിന്റെ കാലാവധി 23.01.2020 വരെയും ആയിരുന്നു. പിന്നീട് നാളിതുവരെ ഫ്യൂവൽ കൺസെപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല.

2. ഓരോ മാസത്തിന്റെയും അവസാനം ഓടിയ ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവ സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇന്ധന ഉപയോഗത്തിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/23.11.2023) മറുപടിയായി ഫ്യൂവൽ കൺസെപ്ഷൻ ടെസ്റ്റ് നടത്താൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലോഗ്ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതാണെന്നും ആവശ്യമായ രജിസ്റ്ററുകൾ പരിപാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫ്യൂവൽ കൺസെപ്ഷൻ ടെസ്റ്റ് നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| **മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്** | 1167748 | ലൈഫ് ഭവന പദ്ധതി പട്ടികജാതി (എസ്.0068/23) | 1167748 | -- |
| ,, | 280000 | ലൈഫ് ഭവന പദ്ധതി ജനറൽ (എസ്.0067/23) | 280000 | -- |
| ,, | 50000 | അനുപൂരക പോഷകാഹാര വിതരണം (എസ്.0012/23) | 50000 | -- |
| ,, | 59000 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.0095/23) | 59000 | -- |
| ,, | 266512 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (എസ്.0202/23) | 266512 | -- |
| **പത്തനംതിട്ട ജില്ലാപഞ്ചായത്ത്** | 199998 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി-സ്വാന്തനം (എസ്.0007/23) | 199998 | -- |
| ,, | 250000 | ഞങ്ങളും കൃഷിയിലേയ്ക്ക് – ഇഞ്ചി മഞ്ഞൾ കിഴങ്ങ് വർഗ്ഗ വിളകൾ വിസ്തൃതി വ്യാപനം(എസ്.0243/23) | 250000 | -- |
| ,, | 2040000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി (എസ്.0068/23) | 2040000 | -- |
| ,, | 1300000 | ലൈഫ് ഭവന പദ്ധതി ജനറൽ (എസ്.0067/23) | 1300000 | -- |
| ,, | 290594 | അനുപൂരക പോഷകാഹാര വിതരണം (എസ്.0012/23) | 290594 | -- |
| ,, | 55500 | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.0095/23) | 55500 | -- |
| ,, | 1100000 | കാവുംപടി ചരിവുകാലാ എസ്.സി. കോളനി കുടിവെള്ള പദ്ധതി (എസ്.0058/23) | 1100000 | |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി, മല്ലപ്പള്ളി സെക്ഷൻ | 35400 | പൂർത്തീകരിച്ചില്ല | |
| 2 | വട്ടക്കുന്ന് കുടിവെള്ളപദ്ധതി പൂർത്തീകരണം S261/23 | ഭൂജല വകുപ്പ് | 540000 | | |
| 3 | വിവിധ അങ്കണവാടികളിലെ കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ S6/23 | ഭൂജല വകുപ്പ് | 134000 | | |
| 4 | ചുട്ടുമൺ പൂവക്കട കുടിവെള്ളപദ്ധതി S259/23 | ഭൂജല വകുപ്പ് | 252848 | | |
| 5 | കരിയംപ്ലാവ് അഴകത്താനി കുടിവെള്ളപദ്ധതി S259/23 | | | | |
| 6 | നാടമലക്കുന്ന് കുടിവെള്ളപദ്ധതി S259/23 | | | | |
| 7 | ചാമക്കാലാ കുടിവെള്ളപദ്ധതി S259/23 | | | | |
| 8 | കണിയാത്ത്പടി തടത്തിൽപ്പടി കുടിവെള്ളപദ്ധതി S4/23 | ഭൂജല വകുപ്പ് | 100000 | | |
| 9 | ഉന്നത്തോലി കുടിവെള്ളപദ്ധതി S59/23 | ഭൂജല വകുപ്പ് | 310000 | | |
| 10 | അത്യാൽ കുടിവെള്ളപദ്ധതി S199/23 | ഭൂജല വകുപ്പ് | 817000 | | |
| 11 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി റാന്നി സൗത്ത് സെക്ഷൻ | 302906 | | |
| 12 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി തിരുവല്ല സെക്ഷൻ | 119225 | | |
| 13 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്ററിംഗ് S195/23 | കെ.എസ്.ഇ.ബി വായ്പൂർ ഡിവിഷൻ, തിരുവല്ല | 31402 | പൂർത്തീകരിച്ചില്ല | |
| 14 | കുടിവെള്ളപദ്ധതി | ഭൂജലവകുപ്പ്, പത്തനംതിട്ട | 189000 | പൂർത്തീകരിച്ചില്ല | |

| | | | | | |
|---|---|---|---|---|---|
| | S120/23 | | | | |
| 15 | കാവുംപടി ചരിവുകാലാ എസ്.സി കോളനി കുടിവെള്ളപദ്ധതി -S58/23 | ഭൂജലവകുപ്പ്, പത്തനംതിട്ട | 1733920 | പൂർത്തീകരിച്ചില്ല. ആവശ്യമായതിനേക്കാൾ 568920 രൂപ അധികം ഒടുക്കി | അധികം നൽകിയ 568920 രൂപ തിരികെ വാങ്ങിയില്ല |
| 16 | പെരുമ്പെട്ടി ജി.എൽ.പി.എസ് മുറ്റത്ത് കുഴൽക്കിണറിന് മോട്ടോർ സ്ഥാപിയ്ക്കൽ | ഭൂജലവകുപ്പ്, പത്തനംതിട്ട | 134000 | പൂർത്തീകരിച്ചു | ചെലവഴിച്ചതിന്റെ ബാക്കി 15039 രൂപ തിരികെ വാങ്ങിയില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 3134299 | -- | 3134299 | 1185788 | -- | 1948511 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ & തീയതി |
|---|---|---|---|---|
| 2021 - 22 | | 510 | അസിസ്റ്റന്റ് എഞ്ചിനിയർ, കൊറ്റനാട് ഗ്രാമപഞ്ചായത്ത് | 1220103755 07.03.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | പരാമർശം നിലനിൽക്കുന്നു. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 2-1 | 2017-18 | 5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യക്കെട്ടിടത്തിന് പെർമിറ്റും കെട്ടിടനമ്പരും അനുവദിച്ചു | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,92,42,690 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,02,73,154 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹ 8,22,351** |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-17 | **₹ 50,000** | ശ്രീമതി അനില റ്റി. ശശി<br>കൃഷി ഓഫീസർ |
| 1-15 | **₹ 6,12,980** | ശ്രീമതി അനില റ്റി. ശശി<br>കൃഷി ഓഫീസർ |
| 1-23 | **₹ 1,59,371** | ശ്രീ.ഷമീം.എ, സെക്രട്ടറി |
| **ആകെ** | **₹8,22,351** | |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി അനില റ്റി. ശശി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ആനിക്കാട് ഗ്രാമപഞ്ചായത്ത് | തകിടിയിൽ<br>വെണ്ണിക്കുളം പി.ഓ.<br>വാലങ്കര - 689544 |

| | | | |
|---|---|---|---|
| 2 | ശ്രീ.ഷമീം.എ,<br>സെക്രട്ടറി | സെക്രട്ടറി<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | ആരണ്യകം,<br>അച്ചൻകോവിൽ പി.ഒ,<br>ആര്യങ്കാവ്, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5-223/2002 3.3.2003/5.6.2003 | 2 (29,30) |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | 2 (3-2,3-3) |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | 2 (3-5,3-8) |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | 5 (2-2,2-4,3-15,3-16,3-17) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | 3 (2-3, 2-4, 3-7) |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | 5 (2-1, 2-2, 2-4, 2-5, 3-5) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി 7/1629/18 14.1.2019 | 6 (3-1, 3-3, 3-5, 3-6, 3-8, 3-11) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി 7/202/2020 27.04.2020 | 7 ((1-14), (1-19)(1), (1-27), (1-30), (4-3), (4-7), (4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി 7-824/2021 തീ. 23.12.2021 | 4 (1-12, 4-2, 4-7,4-10) |
| 2020-21 | കെ.എസ്.എ. പി. ടി.എ.പി 7 - 825/2021 തീ:10-01-2022 | 9 (1-12, 1-14, 1-15, 1-16, 1-18, 1-20, 1-25, 4-7,4-10) |
| 2021-22 | കെ.എസ്.എ. പി. ടി.എ.പി7/224/23 തീ:27.03.2023 | 6 (1-13, 1-14, 1-20, 1-24, 1-29, 4-10) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 05-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the KOTTANAD Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KOTTANAD Grama Panchayat for the year 2022-2023

**Date: 13/12/2023**

**Deputy Director(H.G)**
**District Office Pathanamthitta**
**Kerala State Audit Department**

## Audit Report appended to the Audit Certificate of KOTTANAD Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

Deputy Director
Pathanamthitta

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്